Newspaper : Mangalam
Date : 03.09.2026

സ്ഥാപകൻ
എം.സി.വർഗീസ്

മംഗളം

● സാങ്കേതിക വിദ്യയ്ക്കു പേറ്റന്റ്

# ജലമില്ലാതെ മത്സ്യവും ചെമ്മീനും ഇനി ജീവനോടെ കൊണ്ടുപോകാം

● സ്വന്തം ലേഖകൻ
കൊച്ചി

മത്സ്യവും ചെമ്മീനും ഉൾപ്പെടെയുള്ള ജലജീവികളെ ജലമില്ലാതെ ജീവനോടെ കൊണ്ടുപോകുന്നതിനുള്ള നൂതന സാങ്കേതികവിദ്യ വികസിപ്പിച്ചു. കൊച്ചിയിലെ ഐ.സി.എ.ആർ.സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിക്ക് ഈ സാങ്കേതികവിദ്യയ്ക്കുള്ള ഇന്ത്യൻ പേറ്റന്റ് ലഭിച്ചു.

കുറഞ്ഞ ചെലവിലും കുറഞ്ഞ വൈദ്യുതി ഉപയോഗത്തിലും ജലജീവികളെ ജീവനോടെ കൊണ്ടുപോകാൻ കഴിയുന്ന സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമായ സംവിധാനമാണു പുതിയ സാങ്കേതികവിദ്യ. നിയന്ത്രിതമായ ഉയർന്ന മർദ്ദവും താഴ്ന്ന താപനിലയും ഉപയോഗിച്ചാണു സംവിധാനം പ്രവർത്തിക്കുന്നത്. ജലജീവികളെ സൂക്ഷിക്കുന്നതിനുള്ള പ്രത്യേക സൗകര്യങ്ങളോടു കൂടിയ ഇൻസുലേറ്റഡ് കണ്ടെയ്നറും ആവശ്യമായ ഉപകരണങ്ങളും സംവിധാനത്തിന്റെ ഭാഗമാണ്. ഓക്സിജൻ, ഈർപ്പം, താപനില തുടങ്ങിയ ഘടകങ്ങൾ തുടർച്ചയായി നിരീക്ഷിക്കാനുള്ള സംവിധാനവും ഇതിലുണ്ട്.



വിവിധ ജലജീവികളെ ഉപയോഗിച്ചു നടത്തിയ പരീക്ഷണങ്ങളിൽ 95 ശതമാനം വരെ അതിജീവനനിരക്ക് രേഖപ്പെടുത്തുകയും ചെയ്തു. സിഫ്റ്റിലെ ശാസ്ത്രജ്ഞരായ ഡോ. യു.പാർവതി, ഡോ. ബി. മധുസൂദന റാവു, ഡോ. എസ്. മുരളി, ഡോ. പി.കെ. ബിൻസി, ഡോ. കെ. സതീഷ് കുമാർ, വിഷ്ണു ആർ. നായർ, ടി. ജിതിൻ ജോയ് എന്നിവരാണ് ഈ പേറ്റന്റ് സാങ്കേതികവിദ്യയുടെ വികസനത്തിൽ പങ്കാളിയായത്.

നിലവിൽ, ജീവനുള്ള മത്സ്യങ്ങളെയും മറ്റു ജലജീവികളെയും ദൂരസ്ഥലങ്ങളിലേക്കു കൊണ്ടുപോകുന്നതിനു വലിയ അളവിൽ വെള്ളം ആവശ്യമാണ്. ഇതു ഗതാഗതത്തിനുള്ള ഭാരവും ചെലവും വർധിപ്പിക്കുന്നു. ഇതിനുപുറമെ, ഓക്സിജൻ ലഭ്യമാക്കുന്നതിനും വെള്ളം ശുദ്ധീകരിക്കുന്നതിനും താപനില നിയന്ത്രിക്കുന്നതിനും പ്രത്യേക സംവിധാനങ്ങൾ ആവശ്യമാണ്. ഇവയുടെ പ്രവർത്തനത്തിനു തുടർച്ചയായ വൈദ്യുതി ലഭ്യതയും ആവശ്യമായി വരുന്നു. പ്ലാസ്റ്റിക് ബാഗുകളും മറ്റു പാക്കേജിങ് വസ്തുക്കളും ഉപയോഗിക്കേണ്ടിവരുന്നതും മറ്റൊരു പരിമിതിയാണ്.